LIBRARY ARCHIVES Kerala Legislative Assembly

പുഴയോരങ്ങൾ സംരക്ഷിക്കാൻ നടപടി

67 (2345) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പെരിങ്ങത്തൂർ, മോത്താൻ, മാഹി തുടങ്ങിയ പുഴയോരങ്ങൾ സംരക്ഷിക്കാനുള്ള നടപടി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എത്ര രൂപയാണ് വകക്കൊള്ളിച്ചത് ;

(സി) പദ്ധതിയുടെ വിശദാംശങ്ങൾ വകതിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ഉദിക്കുന്നില്ല.

കോട്ടയം നിയോജകമണ്ഡലത്തിലെ വെള്ളപ്പൊക്കത്തിന് പരിഹാരം കാണുന്നതിന് നടപടി

68 (2346) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം നിയോജക മണ്ഡലത്തിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിനു പരിഹാരമായി മണ്ഡലത്തിലുള്ള തോടുകളുടെ ആഴം വർദ്ധിപ്പിച്ചാൽ മതിയെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; ഏതെല്ലാം തോടുകളാണ് ആഴം കൂട്ടുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാന്നാനം-ചൂരത്തറ ജെട്ടി മുതൽ കൂട്ടോംപുരം ജെട്ടിവരെ ആഴം കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ കൊടൂർ കനാൽ മുതൽപാടം കനാൽ, കരിക്കാട്ടൂർ-കോട്ടത്തോട്, കൂട്ടോം പുറം-മൂട്ടക്കാലി തോട് എന്നിവയുടെ ആഴം കൂടുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി പണി ചെയ്യുന്നതിലേക്കായി 170 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

പള്ളിപ്പുറം തോടിന്റെ സംരക്ഷണം

69 (2347) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം മണ്ഡലത്തിൽ പള്ളിപ്പുറത്ത് സ്ഥാപിച്ചുവരുന്ന പവർ ഗ്രിഡ് കോർപ്പറേഷന്റെ സബ്സ്റ്റേഷൻ പരിധിക്കുള്ളിൽ സ്ഥിതിചെയ്യുന്ന ജലസേചന വകുപ്പിന്റെ അധീനതയിലുള്ള പള്ളിപ്പുറം തോടിന്റെ സംരക്ഷണത്തിനായുള്ള ഏതെങ്കിലും എഗ്രിമെന്റ് പവർഗ്രിഡ് കോർപ്പറേഷനുമായി ഒപ്പുവച്ചിരുന്നോ ;